# മനുഷ്യരാലുള്ള മാനവും ദൈവത്താലുള്ള മാനവും

## യോഹന്നാൻ 12:43

"അവർ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു."

മനുഷ്യരാലുള്ള മാനത്തെ വലുതായി കണ്ട്, അതിനെ അധികം സ്നേഹിച്ച്, ദൈവത്തിൽ നിന്നും അകന്നുപോകുന്ന ഒരു ജനസമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷം 12-ാം അദ്ധ്യായത്തിൽ, ജനത്തിന്റെ കഠിനഹൃദയം നമ്മൾ കാണുന്നു. 37-ാം വാക്യത്തിൽ പറയുന്നു, അവർ കാൺകെ അവൻ ഇത്ര വളരെ അടയാളങ്ങളെ ചെയ്തിട്ടും, അവർ അവനിൽ വിശ്വസിച്ചില്ല. എന്നാൽ 42-ാം വാക്യത്തിൽ "പ്രമാണികളിൽ തന്നേയും അനേകർ അവനിൽ വിശ്വസിച്ചു. പള്ളി ഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ലതാനും" എന്നു പറയുന്നു. ഇവിടെ യേശുവിന്റെ അത്ഭുത പ്രവർത്തികളെ കണ്ട് വിശ്വസിച്ച പ്രമാണികൾക്ക്, ആ വിശ്വാസത്തെ ഏറ്റുപറയുവാൻ സാധിച്ചില്ല, എന്തുകൊണ്ടാണത്? അവർ മനുഷ്യരാലുള്ള മാനത്തിന് ഏറെ വിലകൽപ്പിച്ചു. ഇന്നത്തെ സമൂഹത്തിൽ, അനേകർ വീണുപോകുന്നതും ഇവിടെയാണ്.

വിശുദ്ധ വേദപുസ്തകത്തിൽ അനേക സംഭവങ്ങൾ നമുക്ക് കാണാൻ സാധിക്കും, രാജാവായരുന്ന ശൗൽ, അനുസരണക്കേടിൽ വീണുപോയതും ഈ കാരണത്താലാണ്. ദൈവത്തിന്റെ കല്പനകളേക്കാളുപരി, ശൗൽ ജനത്തെ ഭയപ്പെട്ടു.

1 ശമുവേൽ 15:24 ൽ പറയുന്നു "ഞാൻ ജനത്തെ ഭയപ്പെട്ടു അവരുടെ വാക്ക് അനുസരിച്ചതിനാൽ യഹോവയുടെ കല്പനയും നിന്റെ വാക്കും ലംഘിച്ചു പാപം ചെയ്തിരിക്കുന്നു." തന്റെ പാപത്തെ തിരിച്ചറിഞ്ഞ ശൗൽ, തന്റെ പാപത്തെ അനുതാപത്തോടെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് പാപമോചനം നേടുന്നതിനു പകരം, അപ്പോഴത്തേക്കുള്ള മാനം അന്വേഷിക്കുന്നതായി കാണാം. (1 ശമുവേൽ 15:30). "ഞാൻ പാപം ചെയ്തിരിക്കുന്നു; എങ്കിലും ജനത്തിന്റെയും മൂപ്പൻമാരുടെയും യിസ്രയേലിന്റെയും മുമ്പാകെ ഇപ്പോൾ എന്നെ മാനിച്ച്, ഞാൻ നിന്റെ ദൈവമായ യഹോവയെ നമസ്കരിക്കേണ്ടതിനു എന്നോടുകൂടെ പോരേണമേ" ഇവിടെ ജനങ്ങളുടെ മുമ്പിൽ മാനം നിലനിർത്താൻ ശൗൽ ആഗ്രഹിച്ചു, അതോടെ ശൗലിന്റെ വീഴ്ച പൂർണ്ണമായി.

പ്രിയദൈവമക്കളെ, ഇന്നു നമ്മുടെ ജീവിതത്തിലും, ഇതുപോലുള്ള അനേക പ്രതിസന്ധിഘട്ടങ്ങൾ വന്നേക്കാം. എന്നാൽ നമ്മുടെ കർത്താവ് നമ്മെ നോക്കുന്നു, എന്താണ് നമ്മുടെ തീരുമാനം, ദൈവനാമമഹത്വത്തിനുവേണ്ടി നിൽക്കണമെങ്കിൽ ഇന്നത്തെ ലോകത്തിൽ നാം വിലകൊടുക്കേണ്ടി വന്നേക്കാം. ആ വിലകൊടുത്ത് ദൈവകല്പന അനുസരിക്കുന്നവരാണോ നമ്മൾ, അതോ ലോകത്തിൽ നിന്നുള്ള മഹത്വം ആഗ്രഹിച്ച്, ദൈവ ഇഷ്ടത്തെ തിരസ്കരിക്കുന്നവരാണോ? പ്രിയ ദൈവജനമേ, നമുക്ക് നമ്മുടെ കർത്താവ് പറഞ്ഞത് ഓർക്കാം, "ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." (1 യോഹന്നാൻ 16:33) അതു കൊണ്ട് ശത്രു നമ്മെ വീഴിക്കാതിരിക്കാൻ നമുക്കുവേണ്ടി വിലകൊടുത്ത് എന്നേക്കും ജീവിക്കുന്നവനായ യേശുവിനോടുകൂടെ നമുക്ക് മുന്നോട്ടുപോകാം. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. ആമേൻ.

**പരാമർശം:**

മത്തായി 6:1

മനുഷ്യർ കാണേണ്ടതിന്നു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല.

സദൃശ്യവാക്യങ്ങൾ 29:25

മാനുഷഭയം ഒരു കണി ആകുന്നു; യഹോവയിൽ ആശ്രയിക്കുന്നവനോ രക്ഷപ്രാപിക്കും.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 024**